**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 36 | 07.08.2017 ൽ മറുപടിക്ക്

# ഭരണനിർവ്വഹണത്തിന് ആധുനിക സാങ്കേതിക വിദ്യകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഭരണനിർവ്വഹണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഭരണനിർവ്വഹണ രംഗത്ത് ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗംമൂലം വിവിധ സർക്കാർ സേവനങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കാൻ സാധിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും ആധുനിക സാങ്കേതികവിദ്യകൾ വളരെ ഫലപ്രദമാണ്. സർക്കാർ സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനുള്ള അക്ഷയ പദ്ധതി, ജനസേവന കേന്ദ്രങ്ങൾ, എന്നിവ മികച്ച പൗരസേവന കേന്ദ്രങ്ങളായി ഇതിനോടകം തന്നെ മാറിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടർ, ഇ-പ്രൊക്യൂർമെന്റ് എന്നിവയിലൂടെ കാര്യക്ഷമത, സുതാര്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതിനും സമയബന്ധിതമായി സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും ഇ-ഓഫീസ് സംവിധാനം സഹായകരമാകുന്നു. |

സംസ്ഥാനത്തെ മികച്ച മൊബൈൽ വ്യാപനവും വ്യാപ്തിയും കണക്കിലെടുത്ത് മൊബൈൽ ഗവേണൻസ് പദ്ധതിയിലൂടെ ഇ-ഗവേണൻസ് സേവനങ്ങൾ പൗരന്മാരുടെ വിരൽത്തുമ്പിലെത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | |
|---|---|---|
| (ബി) ഭരണനിർവ്വഹണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യകളുടെ നിലവിലെ സെർവ്വർ സംവിധാനങ്ങൾ പലപ്പോഴും തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) ഇ-ഓഫീസ് സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും | ചില സമയങ്ങളിൽ വേഗത കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകളിലും, സെക്രട്ടേറിയറ്റിന് പുറത്ത് 42-ഓളം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഓഫീസിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിനു പുറത്ത് ഇ-ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഐ.ടി മിഷനിൽ ഒരു മാനേജരുടെ നേതൃത്വത്തിലുള്ള ടീമും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വകുപ്പുകളിലും ഇത്തരം പ്രവർത്തനങ്ങളുടെ ഏകോപനത്തിനു വേണ്ടി നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. മാത്രമല്ല, ഇ-ഓഫീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവര സാങ്കേതിക വകുപ്പ് സെക്രട്ടറി, ഐ.ടി.മിഷൻ ഡയറക്ടർ എന്നിവരുടെ തലത്തിൽ നാഷണൽ ഇൻഫോർമാറ്റിക് സെന്ററുമായി നിരന്തരം ചർച്ചകൾ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ